# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

05.03.2018-ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 993

## കൊയിലാണ്ടി മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.കെ. ദാസൻ

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ നടപ്പിൽ വരുത്തിയ പദ്ധതി പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ 13 നിയോജക മണ്ഡലങ്ങളിൽ നിന്നായി ഓരോ സ്കൂളിനെ വീതം 13 സ്കൂളുകളെ അഞ്ച് കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ ജില്ലയിലെ വിവിധസ്കൂളുകളെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും തെരഞ്ഞെടുത്തിട്ടുണ്ട്. അപ്രകാരം പദ്ധതി നിർവ്വഹണത്തിനായുള്ള കോൺട്രാക്ടർ തിരഞ്ഞെടുപ്പിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനായി ജില്ലയിലെ വിവിധ എൽ.പി./യു.പി. സ്കൂളുകളെ തെരഞ്ഞെടുക്കുകയും അപ്രകാരം ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അക്കാദമിക മികവിന് ഊന്നൽ നൽകുന്ന വിധത്തിൽ സ്കൂൾ തലത്തിൽ ജനകീയ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയുടെ പ്രയോജനം കോഴിക്കോട് ജില്ലയിലെ സ്കൂളുകൾക്കും ലഭ്യമാകുന്നതാണ്.

(ബി) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ പശ്ചാത്തല സൗകര്യ വികസനത്തിനായി മൂന്ന് കോടി രൂപ അനുവദിക്കപ്പെട്ട കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും നിർമ്മാണപ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കാമോ;

(ബി) മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബി അംഗീകാരത്തിന് വിധേയമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(സി) ഈ മണ്ഡലത്തിലെ മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട കൊയിലാണ്ടി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലും കീഴൂർ ഗവൺമെന്റ് യു.പി. സ്കൂളിലും അടിസ്ഥാന സൗകര്യ വികസനത്തിനായി സമർപ്പിക്കപ്പെട്ട പദ്ധതിയുടെ രൂപ രേഖയ്ക്ക് കിഫ്ബി യിൽ നിന്നും അംഗീകാരം ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഈ രണ്ടു വിദ്യാലയങ്ങളിൽ എത്ര കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം നൽകിയത് എന്ന് വ്യക്തമാക്കാമോ?

(സി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിന്നും മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള കൊയിലാണ്ടി ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിന് 7.24 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കുകയും അപ്രകാരം കിഫ്ബി അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കോൺട്രാക്ടർ തിരഞ്ഞെടുപ്പിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

അടിസ്ഥാന സൗകര്യ വികസനത്തിനായി കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള കീഴൂർ ഗവ.യു.പി. സ്കൂളിന് 114 ലക്ഷം രൂപയ്ക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ